**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5964 07/07/2014-ൽ മറുപടിയ്ക്ക്

# സോയിൽ ഹെൽത്ത് കാർഡ് വഴി ലഭ്യമാകുന്ന സൗജന്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | **ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാകണമെങ്കിൽ കർഷകർ ആരെയാണ് സമീപിക്കേണ്ടത്; | എ) കൃഷി വകുപ്പ് മുഖേന സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാകണമെങ്കിൽ കർഷകർ അവരുടെ സ്ഥലത്തെ കൃഷി ഭവനിൽ സമീപിക്കേണ്ടതാണ്.<br>മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പു വഴി കർഷകർക്ക് നൽകുന്ന സോയിൽ ഹെൽത്ത് കാർഡ് ലഭിക്കുവാൻ അതാത് ജില്ല മണ്ണ് പര്യവേഷണ അസിസ്റ്റന്റ് ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്. ഇതിനായി കർഷകർ തങ്ങളുടെ ഭൂമിയിൽ നിന്നും മണ്ണു സാമ്പിളുകൾ ശേഖരിച്ച് ഇവിടെ നൽകേണ്ടതാണ്.<br>ഇതു കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ സോയിൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ മണ്ണു സാമ്പിളുകൾ എത്തിച്ചും സോയിൽ ഹെൽത്ത് കാർഡുകൾ നേടാവുന്നതാണ്. |
| ബി) എത്ര സെന്റ് വസ്തു ഉള്ള കർഷകനാണ് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നത്; | ബി) കൃഷി വകുപ്പ് മുഖേന സോയിൽ ഹെൽത്ത് കാർഡ് എല്ലാ കർഷകർക്കും ലഭിക്കുന്നതിന് അർഹതയുണ്ട്.<br>മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പു വഴി നൽകുന്ന സോയിൽ ഹെൽത്ത് കാർഡ് ലഭിക്കുന്നതിന് കർഷകരുടെ ഭൂമിയുടെ വിസ്തൃതി ഒരു മാനദണ്ഡമല്ല. താൽപര്യമുള്ള എല്ലാ കർഷകരുടേയും ഓരോ തുണ്ടു ഭൂമിക്കും സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ഇതിനായി കർഷകർ മുടക്കേണ്ടുന്ന തുക എത്രയാണ്; | സി) | കൃഷി വകുപ്പ് നൽകുന്ന കാർഡിനായി ഒരു തുകയും കർഷകർ മുടക്കേണ്ട ആവശ്യമില്ല. മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടു കൂടി ശേഖരിക്കുന്ന മണ്ണു സാമ്പിളുകൾക്ക് സോയിൽ ഹെൽത്ത് കാർഡുകൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. കർഷകർ പ്രത്യേക വിളകൾക്കുള്ള അവശ്യ സൂക്ഷ്മ മൂലകങ്ങളുടെ തോത് അറിയുന്നതിനും, വളപ്രയോഗ ശുപാർശകൾക്കും വേണ്ടി പ്രത്യേകമായി കൊണ്ടുവരുന്ന മണ്ണു സാമ്പിളുകൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള ഫീസ് ഈടാക്കുന്നുണ്ട്. പരിശോധിക്കുന്ന മൂലകങ്ങളുടെ എണ്ണം അനുസരിച്ച് അടയ്ക്കേണ്ട തുക വ്യത്യാസപ്പെടും. |
| ഡി) | സോയിൽ ഹെൽത്ത് കാർഡുള്ള കർഷകന് കൃഷി ഭവനുകളിൽ നിന്നും എന്തൊക്കെ സൗജന്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | സോയിൽ ഹെൽത്ത് കാർഡിന്റെ മാനദണ്ഡത്തിലല്ല കൃഷി ഭവനിൽ നിന്ന് കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. മറിച്ച് ഓരോ കാർഷിക പദ്ധതിയുടേയും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ആണ് കർഷകർക്ക് കൃഷി ഭവനിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. |

Sushama

**സെക്ഷൻ ഓഫീസർ**